# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാമമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-461/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 01/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാമമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി9-461/22 തീയ്യതി: 01/08/2022

## എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മിനിമോൾ കെ. ജി. | ജോയിന്റ് ഡയറക്ടർ | 08-03-2022 | 15-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-03-2022 | 15-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിജയകുമാർ എൻ.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
റസിയബീവി ജെ.,ഓഡിറ്റ് ഓഫീസർ
ശ്രീജ ഉണ്ണികൃഷ്ണൻ,അസി.ഓഡിറ്റ് ഓഫീസർ
ജോർജ് ജോസഫ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ബബിത ബി. കുമാർ,സീനിയർ ഗ്രേഡ് ഓഡിറ്റർ
അനീഷ് ടി.എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കെ എ മിനികുമാരി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ ഇ പി ജോർജ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി സിന്ധു വി. | സെക്രട്ടറി | 01-04-2020 | 01-03-2021 |
| ശ്രീ റെയ്സൺ വി. വർഗ്ഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജി. അനിൽകുമാർ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ. റെയ്സൺ വി വർഗ്ഗീസ് | അസിസ്റ്റൻറ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീമതി.ശോഭാ ജെയിംസ് | അസിസ്റ്റൻറ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. മേരിമോൾ ജേക്കബ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. കൃഷ്ണകുമാരി | ഹെഡ്മിസ്ട്രസ് , ജി.എൽ പി എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ആശാ പോൾ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ജോവിൻസ് എ കെ | വി.ഇ. ഒ, ഊരമന | 01-04-2020 | 31-03-2021 |
| ശ്രീ.അനിൽ കെ ജോസ് | വി.ഇ.ഒ രാമമംഗലം | 01-04-2020 | 31-03-2021 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 17-06-2020 |
| ശ്രീ. ജയിംസ് ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 18-06-2020 | 31-03-2021 |
| ഡോ. ശ്രീലേഖ ടി.വി. | മെഡിക്കൽ ഓഫീസർ | 01-04-2020 | 17-02-2021 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ഡോ.റുവാൻ സാം വി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 18-02-2021 | 19-03-2021 |
| ഡോ. ശ്രീലേഖ ടി.വി. | മെഡിക്കൽ ഓഫീസർ ഹോമിയോ | 20-03-2021 | 31-03-2021 |
| ഡോ. അനിൽകുമാർ എൻ.ആർ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. മായാദേവി | മെഡിക്കൽ ഓഫീസർ സി.എച്ച് സി. | 01-04-2020 | 31-03-2021 |
| ഡോ. ഹരികുമാർ എം. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 12-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Aneesh T S (Auditor, On 19-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 09-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 09-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-3 |
| 5 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 09-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 09-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Babitha B Kumar (Senior Grade Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Aneesh T S (Auditor, On 19-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh T S (Auditor, On 12-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 20-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Ressiya Beevi J (Audit Officer, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-11 |
| 13 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-12 |
| 14 | ലൈസൻസ് പുതുക്കാത്തതു സംബന്ധിച്ച്<br>Written By: Aneesh T S (Auditor, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-13 |
| 15 | യന്ത്രസാമിഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ഫീസ് ഈടാക്കിയില്ല<br>Written By: Aneesh T S (Auditor, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-14 |
| 16 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-15 |

| | | |
|---|---|---|
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക<br>Written By: Aneesh T S (Auditor, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 30-07-2022) | 1-16 |
| 18 | ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യിട്ടില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-17 |
| 19 | അങ്കണവാടി<br>പോഷകാഹാരവിതരണം - ഭക്ഷണസാധനങ്ങൾക്ക് GST നല്കി<br>Written By: Babitha B Kumar (Senior Grade Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-18 |
| 20 | എസ്.എസ്.എ വിഹിതം - എസ്.സി വിഭാഗം - ചെലവിന്റെ<br>വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 19-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-19 |
| 21 | സാക്ഷരത മിഷൻ തുല്യതാപഠനം-ഫീസ് നൽകൽ- വിശദാംശങ്ങൾ<br>ലഭ്യമാക്കിയില്ല<br>Written By: Joseph George (Senior Grade Auditor, On 19-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-20 |
| 22 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല<br>Written By: N.Vijayakumar (Audit Officer (HG), On 18-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-21 |
| 23 | പഞ്ചായതത്ത് ഓഫീസിലെ ജനറേറ്റർ ബാറ്ററി വാങ്ങൽ<br>Written By: Aneesh T S (Auditor, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-22 |
| 24 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 18-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-23 |
| 25 | തെരുവ് വിളക്ക് പരിപാലനം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 25-07-2022) | 1-24 |
| 26 | അസി.എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ -<br>നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: N.Vijayakumar (Audit Officer (HG), On 18-03-2022)<br>Last Updated By: Raj N.C (Computer Assistant, On 30-07-2022) | 1-25 |
| 27 | സേവനപെൻഷൻ – കൈപ്പറ്റാത്ത പെൻഷൻ തുകകൾ - വിവരം ലഭ്യമല്ല<br>Written By: Babitha B Kumar (Senior Grade Auditor, On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-26 |
| 28 | മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ :-<br>Written By: N.Vijayakumar (Audit Officer (HG), On 18-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-27 |
| 29 | ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.<br>Written By: N.Vijayakumar (Audit Officer (HG), On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-28 |
| 30 | തെരുവ് വിളക്ക് മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ല.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-29 |
| 31 | നിക്ഷേപ പ്രവൃത്തി - ജി.എസ്.ടി ഇനത്തിൽ തുക നൽകേണ്ടതില്ല.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 17-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-30 |
| 32 | തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം പൊതുടാപ്പുകളുടെ വെള്ളക്കരം<br>അടവാക്കുന്നില്ല.<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 18-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-31 |

| | | |
|---|---|---|
| 33 | വരൾച്ച സമയത്തെ കുടിവെള്ള വിതരണം-അപാകതകൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 17-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-32 |
| 34 | ഐ.എസ്.ഒ. റീസർട്ടിഫിക്കേഷൻ - കൺസൾട്ടൻസി സ്ഥാപനത്തിന് തുക നൽകി<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 23-03-2022)<br>Last Updated By: Raj N.C (Computer Assistant, On 30-07-2022) | 1-33 |
| 35 | ക്യാൻസർ വിമുക്തകേരളം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-34 |
| 36 | സി.എഫ്.എൽ.ടി.സി.യിലേക്കുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ressiya Beevi J (Audit Officer, On 15-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-35 |
| 37 | ഓഡിറ്റ് ഇംപാക്ട്<br>Written By: N.Vijayakumar (Audit Officer (HG), On 16-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-36 |
| 38 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 20-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 09-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 09-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 09-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 14-03-2022)<br>Last Updated By: Raj N.C (Computer Assistant, On 26-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 26.03.2020 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 15.02.2021 തീയതിയിലെ 4(4) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4413501.00 | 10399416.00 |
| വരവ് | 167106761.00 | 67198013.00 |
| ആകെ | 162693260.00 | 77597429.00 |
| ചെലവ് | 161547861.00 | 69031283.00 |
| നീക്കിയിരിപ്പ് | 1145399.00 | 8566146.00 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 12.05.2021 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള അഡ്വാൻസുകൾ പൂർണ്ണമായി ക്രമീകരിച്ചിട്ടില്ല. സാക്ഷരത പ്രേരക്, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ എന്നിവർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ വേതനം ഉൾപ്പടെയുള്ളവയും മറ്റ് അഡ്വാൻസുകൾ 46106 രൂപ എന്നിവ ക്രമീകരിക്കാൻ ബാക്കിയാണ്. ഇവയുടെ മുൻബാക്കിയുടെ വിശദവിവരങ്ങൾ പൂർണ്ണമായി ലഭ്യമല്ല. ഇത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2.വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി വർക്കുകളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിലുൾപ്പടെ നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. ഏത് പ്രവർത്തിക്കാണ് തുക നൽകിയത് , കരാർ പ്രകാരം പ്രവർത്തി പൂർത്തിയാക്കേണ്ട കാലയളവ് പോലുള്ള വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ വിവരങ്ങൾ തയ്യാറാക്കേണ്ടതാണ്.

3.ഗ്രാമപഞ്ചായത്തിന് ഗ്രാന്റായും വിവിധ സ്കീമുകളിലും ലഭിക്കുന്ന തുകയിൽ നല്ലൊരു പങ്ക് ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. എന്നാൽ ഇപ്രകാരം ആസ്തിവികസനത്തിനായി ചെലവഴിക്കപ്പെടുന്ന തുകകൾ വാർഷിക കണക്കുകളിൽ Capital Contribution ഹെഡിൽ പ്രത്യേകമായി ഉൾപ്പെടുത്തുന്നില്ല. Capital Contribution വിവരങ്ങൾ തയ്യാറാക്കേണ്ടതാണ്.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല. ആസ്തി വിവരങ്ങൾ കൃത്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

5. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).

6. യൂണിയൻ ബാങ്ക് ഹൗസിംഗ് -3067 അക്കൗണ്ടിലെ ബാലൻസ് തുക പലവർഷങ്ങളിലായി ഒരേ തുകയാണ് രേഖപ്പെടുത്തിട്ടുള്ളത്. ഈ അക്കൗണ്ടിന് ലഭ്യമാകേണ്ട പലിശ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. പലിശ കൂടി ഉൾപ്പെടുത്തി വിവരം Update ചെയ്യണം.

7. ലൈഫ് ഭവനവായ്പ തിരിച്ചടവായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകയുടെ കണക്കിൽ സുലേഖ , സാംഖ്യ സോഫ്റ്റ്‌വെയറുകളിൽ പൊരുത്തപ്പെടുന്നില്ല. ജനറൽ, എസ്.സി.പി, എസ്.ടി. വിഭാഗങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾക്കൊപ്പം ഒരു ഗഡുവീതം അധികമായി സുലേഖ സോഫ്റ്റ്വെയറിൽ അധികം ചേർത്തിട്ടുണ്ട്. ആയതിനാൽ സുലേഖ പ്രകാരമുള്ള ചെലവ് യഥാർത്ഥചെലവുമായി പൊരുത്തപ്പെടുന്നില്ല.

ഈ അപാകത പരിഹരിക്കുന്നതിന് ഉടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,03,99,416 |
| വരവ് | 6,71,98,013 |
| ആകെ | 7,75,97,429 |
| ചെലവ് | 6,90,31,283 |

| | |
|---|---|
| നീക്കിയിരിപ്പ് | 85,66,146 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,508 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കി യിരുപ്പ് | ബാലൻസ് / ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9134679 | 9134679 | 7724860 | 0 | 1409819 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6228745 | 6228745 | 3579273 | | 2649472 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 0 | 26071000 | 26071000 | 26012146 | 0 | 58854 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3456681 | 3456681 | 3336867 | 0 | 119814 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 0 | 6805635 | 6805635 | 4139056 | | 2666579 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) | 0 | 3330000 | 3330000 | 327945 | | 3002055 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ശുചിത്വമിഷൻ (320100115) | 2133 | 130087 | 132220 | 130000 | 2220 | |
| ICDS(320100121) | 1274145 | 439587 | 1713732 | 1050000 | 663732 | |
| Solid Waste(320100203) | 918744 | 1406906 | 2325650 | 589110 | 1736540 | |

2020-21 സാമ്പത്തിക വർഷം വികസന ഫണ്ട് ജനറലിൽ നിന്നും 10,66,321 രൂപയും വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 29,255 രൂപയും വികസനഫണ്ട് (ടി.എസ്.പി) യിൽ നിന്നും 14,627 രൂപയും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട് . അംഗൻവാടി ജീവനക്കാരുടെ വേതനം 7,88,400 രൂപയും ലൈഫ് (ജനറൽ-277921 , എസ്.സി.പി-29,255, ടി.എസ്.പി-14,627 ) ഇനങ്ങളിലായി ആകെ 11,10,203 രൂപയാണ് സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടുള്ളത്. യഥാർത്ഥ ചെലവിൽ നിന്നും അധികമായി വികസന ഫണ്ട് ജനറലിൽ നിന്നും 1,38,961 രൂപ , വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 14,627 രൂപ, വികസനഫണ്ട് (ടി.എസ്.പി) യിൽ നിന്നും 7314 രൂപ എന്നിങ്ങനെ അധിക തുക ചെലവായി സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു:-

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 215 | 88929505 | 172 | 52287356 | 145 | 27 | 43 | 67.44% |

അംഗീകരിച്ച പദ്ധതികളുടെ 67.44 % മാണ് നടപ്പിലായത്. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ 99.07 ലക്ഷം രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 27076 | 1014997 | 1042073 | 1031414 | 10659 |
| കൂലിചെലവ് | | 21919571 | 21919571 | 21919571 | |
| ആകെ | 27076 | 22934568 | 22961644 | 22950985 | 10659 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകത്തൊഴിലാളി പെൻഷൻ | 46,18,900 | 287 |
| വിധവാപെൻഷൻ | 75,01,300 | 509 |
| വാർദ്ധക്യകാല പെൻഷൻ | 1,66,79,700 | 1338 |
| വികലാംഗ പെൻഷൻ | 25,71,000 | 169 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 6,86,100 | 45 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2022ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 35,031/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

4.വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നു. ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

5.പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.10.2021 | 01.01.2021 മുതൽ 31.10.2021 വരെ | 09.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2016 മുതൽ 08.02.2016 വരെ | 2010-11 മുതൽ 2014-15 വരെ | 06.03.2016 |

## 1-11 ഗ്രാമസഭ

2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. പഞ്ചായത്തിലെ 13 വാർഡുകളിലും 2021-22 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ഗ്രാമസഭ മാത്രമാണ് ചേർന്നിട്ടുള്ളത്.

## 1-12 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തീക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വ/റി 28/2020-21 തിയതി 14/03/2022 നുള്ള സെക്രട്ടറിയുടെ മറുപടിയിൽ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | അപ്സര ചിപ്സ്, കിഴക്കേമുറി | 5 | 1st &2nd അർദ്ധവർഷം |
| 2 | വലിയമറവത്ത് ഇൻഡസ്ട്രീസ്, രാമമംഗലം | 8 | 1st &2nd അർദ്ധവർഷം |
| 3 | ഇടയത്ത് പാക്കേജിംഗ്, രാമമംഗലം | 11 | 1st &2nd |

| | | | | |
|---|---|---|---|---|
| | | | | അർദ്ധവർഷം |

## 1-13 ലൈസൻസ് പുതുക്കാത്തതു സംബന്ധിച്ച്

രാമമംഗലം ഗ്രാമപഞ്ചായത്തിലെ മുൻവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-2021 വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി 27/2020-21 തിയതി 14/03/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം പുതുക്കി നൽകുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

| ക്രമനം | സ്ഥാപന ഉടമ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നംമ്പർ |
|---|---|---|---|
| 1 | രഞ്ചനി വി | എസ് ബി സ്റ്റോഴ്സ് | 11/512 |
| 2 | രാധാ കെ എസ് | ലക്ഷ്മി സ്റ്റോഴ്സ് | 11/449 |
| 3 | പി കെ സ്റ്റീഫൻ | പ്ലാന്തോട്ടം ബ്രിക്സ് | 13/122 ബി |
| 4 | മണി കെ | വിനായക വർക്ക്ഷോപ്പ് | 5/329ഡി |
| 5 | ആതിര സത്യൻ | ആഷിക്ക് ഫാഷൻ ജ്വല്ലറി | 11/287 |
| 6 | അനിൽ മോഹൻ | ഗോൾഡൻ പ്ലാസ | 11/398 |
| 7 | ചിന്ന മാത്യൂ | മാമ്മലശ്ശേരി റൈസ് | 8/172 |

## 1-14 യന്ത്രസാമിഗ്രികൾ പ്രവർത്തിപ്പിക്കുന്നതിന് യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ഫീസ് ഈടാക്കിയില്ല

31.10.2017ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്തീരാജ് (ഫാക്ടറികൾക്കും,വ്യാപാരങ്ങൾക്കും,സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 18,19 പട്ടിക III എന്നിവ പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് യന്ത്രത്തിന്റെ കുതിരശക്തിക്കനുസൃതമായി ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 2020-21 ലെ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന സ്ഥാപനങ്ങൾക്ക് മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 26/2020-21 തിയതി 14/03/2022 നല്ല മറുപടിയിൽ മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിച്ചിട്ടുണ്ട്. അയതിനാൽ മോട്ടോർ റണ്ണിങ്ങ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | കൊച്ചുതോട്ടത്തിൽ ഫ്ലവർ മിൽ | 12/366 | 10 എച്ച് പി | 100 |
| 2 | മാതാ ഫ്ലവർ മിൽ | 1/20 | 7.5 എച്ച് പി | 100 |
| 3 | എസ് ആർ ടയേഴ്സ് | 11/636 | 1.5 എച്ച് പി | 50 |
| | | | ആകെ | 250 |

## 1-15 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലൊരു കളക്ഷൻ ചാർജ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഈടാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/9.3.22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക

രാമമംഗലം ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ വസ്തുനികുതി പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളിൽ നിന്നും 2019-2020 സാമ്പത്തിക വർഷം മുതലുള്ള വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം | കുടിശിക തുക (20-21 വരെ) |
|---|---|---|---|
| 1. | 1/375/A1 | ബി എസ് എൻ എൽ | 22,455 |
| 2. | 4/317 /A1 | ബി എസ് എൻ എൽ | 9,585 |
| 3. | 6/98/A1 | ബി എസ് എൻ എൽ | 45,447 |
| 4. | 8/135/A1 | | 10,338 |
| | ആകെ | | 87,825 |

മേൽ സൂചിപ്പിച്ച മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 18/2020-21 തീയതി 11/03/2022 നുള്ള സെക്രട്ടറിയുടെ മറുപടിയിൽ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫീസ് - തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ പാമ്പാക്കുട ശാഖയിൽ 23.7.2019 മുതൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 38624676376). പ്രസ്തുത അക്കൗണ്ടിൽ 07.8.2020 മുതൽ ഇ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുകയാണ് വരവുള്ളത്. 20-21 സാമ്പത്തിക വർഷം ഇടെണ്ടർ ഇനത്തിൽ ലഭിച്ച തുക 91,070/- രൂപ പഞ്ചായത്തിലേയ്ക്ക് നൽകിയിട്ടുണ്ട്. (ചെക്ക് നം.048162/16.10.21) തുടർന്ന് ഇടെണ്ടർ ഇനത്തിൽ 11.02.22 വരെ ലഭിച്ച 66,905/- രൂപ ടി അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. ടി തുക പഞ്ചായത്തിലേയ്ക്ക് നൽകേണ്ടതാണ്.

07.08.20 മുതൽ 03.12.20 വരെയും തുടർന്ന് 25.4.21 മുതലുള്ള സ്റ്റേറ്റ്മെന്റാണ് ബാങ്കിൽ നിന്നും ഹാജരാക്കിയിട്ടുള്ളത്. 04.12.20 മുതൽ 23.04.21 വരെയുള്ള കാലയളവിലെ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്.

07.8.2020 വരെയുള്ള കാലയളവിലെ ഈ ടെണ്ടർ ഫീ ഇനത്തിലുള്ള തുക എറണാകുളം എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത് . എന്നാൽ ടി അക്കൗണ്ടിൽ ഓരോ വർഷവും എത്ര തുക ക്രെഡിറ്റ് ചെയ്തു, എത്ര തുക തിരികെ ലഭ്യമാക്കി എന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രതി മാസ/വർഷ കളക്ഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് ടി ഇനത്തിൽ ആകെ ഒടുക്കിയ തുകയുടേയും, തിരികെ ലഭ്യമായ തുകയുടേയും വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/9.3.22) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ പൂർണ്ണമായ മറുപടിയോ, രേഖകളോ ഹാജരാക്കിയിട്ടില്ല. മുൻവർഷങ്ങളിലേത് ഉൾപ്പെടെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്തി പഞ്ചായത്ത് ഫണ്ടിൽ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 അങ്കണവാടി പോഷകാഹാരവിതരണം - ഭക്ഷണസാധനങ്ങൾക്ക് GST നല്കി

പഞ്ചായത്തിൽ അങ്കണവാടി പോഷകാഹാരവിതരണത്തിന് ഭക്ഷ്യസാധനങ്ങൾ വാങ്ങിയതിന് SUPPLYCO യ്ക്കും രാമമംഗലത്തെ അമൃതം ഫുഡ് സപ്ലിമെന്റിനും GST അടക്കമുള്ള തുകയാണ് നല്കിയിട്ടുള്ളത്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017 ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് GST പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് GST ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്.

SUPPLYCO നല്കിയ ബില്ലുകളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | ഇൻവോയ്സ് നം., തീയതി | ഭക്ഷണസാധനങ്ങൾക്ക് ഈടാക്കിയ തുക(GST ഉൾപ്പടെ ) | GST |
|---|---|---|---|
| 1 | 705204 / 20036 , 30.04.20 | 189494 /- | 7203 /- |
| 2 | 705204 / 20164 , 30.05.20 | 164350 /- | 3802 /- |
| 3 | 705204 / 20709 , 11.08.20 | 188538 /- | 6589 /- |
| 4 | 705204 / 201240 , 24.11.20 | 180231.55 /- | 8221 /- |
| 5 | 705204 / 201268 , 02.12.20 | 188828.4 /- | 9055 /- |
| 6 | 705204 / 201545 , 10.02.21 | 165954 /- | 7298 /- |
| 7 | 705204 / 201546 , 10.02.21 | 9651 /- | 459 /- |
| 8 | 705204 / 201592 , 27.02.21 | 125778 /- | 2152 /- |
| GST ഇനത്തിൽ ആകെ ഈടാക്കിയത് | | | 44779 /- |

അമൃതം ഫുഡ് സപ്ലിമെന്റ് നല്കിയ ബില്ലുകളുടെ വിശദാംശങ്ങൾ താഴെ പറയുന്നു .

| ക്രമ നം. | ഇൻവോയ്സ് നം.,തീയതി | ഈടാക്കിയ തുക(GSTഉൾപ്പടെ) | GST |
|---|---|---|---|
| 1 | 123 / 11.04.20 | 51405 /- | 2415 /- |
| 2 | 129 / 09.05.20 | 55875 /- | 2625 /- |
| 3 | 142 / 08.06.20 | 56545.5 /- | 2657 /- |
| 4 | 153 / 22.08.20 | 63027 /- | 2961 /- |
| 5 | 161 / 11.09.20 | 65262 /- | 3066 /- |
| 6 | 176 / 22.10.20 | 37324.5 /- | 1754 /- |
| 7 | 181 / 11.11.20 | 59227.5 /- | 2782.5 /- |
| 8 | 192 / 14.12.20 | 61239 /- | 2877 /- |
| 9 | 203 / 13.01.21 | 61239 /- | 2877 /- |
| GST ഇനത്തിൽ ആകെ ഈടാക്കിയത് | | | 24014.5 /- |

അങ്കണവാടികളിലെ ഭക്ഷണവിതരണപരിപാടികൾക്ക് GST പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതിനാൽ ഈയിനത്തിൽ നല്കിയ തുക അതത് സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 എസ്.എസ്.എ വിഹിതം - എസ്.സി വിഭാഗം - ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം - 01/2021

ബിൽ നം - 20120352006000195740 (₹ 1,31,011/-)

2020-21 സാമ്പത്തിക വർഷം പഞ്ചായത്ത് അസി.സെക്രട്ടറി നടപ്പിലാക്കിയ എസ്.എസ്.എ. വിഹിതം - (എസ്.സി . വിഭാഗം ) എന്ന പദ്ധതി വഴി ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിലെ എസ്.എസ്.എ. പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങൾക്കായി 40% പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച 1,31,011/- രൂപ നൽകിയിട്ടുണ്ട് . എസ്.എസ്.എ പിറവം ബ്ലോക്ക് റിസോഴ്സ് സെന്റർ പ്രോഗ്രാം ഓഫീസറുടെ 20/02/2020 ലെ പ്ലാൻ എസ്റ്റിമേറ്റ് പ്രകാരം 2020-21 വർഷം രാമമംഗലം ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ പദ്ധതി പ്രകാരം നടപ്പാക്കുന്ന വിവിധ പദ്ധതികളും ഇവക്ക് കണക്കാക്കുന്ന തുകയും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് വികസന ഫണ്ടിൽ നിന്നും തുക നൽകിയത്. ഈ തുകയുൾപ്പടെ രാമമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ എസ്.എസ്.എ വിഹിതം പൂർണ്ണമായും വിനിയോഗിച്ചതായി 22/07/2021 എ1/133/2021/Ekm/SSK നമ്പർ കത്ത് പ്രകാരം എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

പിറവം ബ്ലോക്ക് റിസോഴ്സ് സെന്റർ പ്രോഗ്രാം ഓഫീസറുടെ എസ്റ്റിമേറ്റ് പ്രകാരം 2020-21 വർഷം രാമമംഗലം ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ പദ്ധതി (എസ്.സി വിഭാഗം) പ്രകാരം നടപ്പാക്കാൻ ലക്ഷ്യമിട്ട പ്രധാന പ്രവർത്തനങ്ങളും വകയിരുത്തിയ തുകയും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തനം | ആകെ കണക്കാക്കിയ ചെലവ് | പഞ്ചായത്ത് വിഹിതമായി നിശ്ചയിച്ച തുക |
|---|---|---|---|
| 1 | യൂണിഫോം വിതരണം | Rs.36,600 | Rs.14,640 /- |
| 2 | സ്പോർട്സ് & കായിക വിദ്യാഭ്യാസം | Rs.84,000/- | Rs.33,600/- |
| 3 | സെൽഫ് ഡിഫൻസ് ട്രെയിനിംഗ് | Rs.55,500/- | Rs.22,200/- |
| 4 | അധ്യാപക പരിശീലനം | Rs.14,500/- | Rs.5,800/- |
| 5 | സി.ആർ.സി ട്രെയിനിംഗ് | Rs.25,000/- | Rs.10,000/- |
| 6 | ബി.ആർ.സി ട്രെയിനിംഗ് | Rs.30,000/- | Rs.12,000/- |

കോവിഡ് മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മൂലം 2020-21 അക്കാദമിക് വർഷം സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ കുട്ടികൾക്ക് യൂണിഫോം വിതരണം, സ്പോർട്സ് & കായിക വിദ്യാഭ്യാസം, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ഉൾപ്പടെയുള്ള പരിശീലനങ്ങൾക്ക് പഞ്ചായത്ത് നൽകിയ തുക ചെലവഴിച്ചതായി സാക്ഷ്യപത്രം എസ്.എസ്.എ യിൽ നിന്നും ഹാജരാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ചെലവുകൾ സംബന്ധിച്ച എന്തെങ്കിലും രേഖകളോ ചെലവുകളുടെ വിശദാംശങ്ങളോ ഹാജരാക്കിയില്ല. പകരം എസ്.എസ്.എ. പ്രോജക്ട് ഓഫീസുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കാമെന്നാണ് അറിയിച്ചത്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൌകര്യ വികസനം, അക്കാദമിക് സൌകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾക്ക് നൽകുന്ന തുക ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ തന്നെ വിനിയോഗിക്കപ്പെടുന്നുണ്ട് എന്നുറപ്പുവരുത്താനുള്ള നടപടികളൊന്നും തന്നെ നിലവിൽ സ്വീകരിക്കുന്നില്ല. കോവിഡ് കാലത്ത് സ്കൂളുകളിൽ അധ്യയനം നടക്കാത്ത സാഹചര്യത്തിൽ എസ്.എസ്.എ പ്രോജക്ടിൽ വകയിരുത്തിയ കായിക പരിശീലനം, യൂണിഫോം വിതരണം, പ്രതിരോധ പരിശീലനങ്ങൾ ഉൾപ്പടെയുള്ളവക്കുള്ള തുകകളുടെ വിനിയോഗം സാധ്യമാകാത്ത സാഹചര്യങ്ങളിൽ ഈ തുക പിന്നീടുള്ള വർഷങ്ങളിലേക്കുള്ള എസ്.എസ്.എ. വിഹിതത്തിൽ ക്രമീകരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാവുന്നതാണ്. എസ്.എസ്.എ. പ്രോജക്ടുകൾക്ക് നൽകുന്ന തുക ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ തന്നെ വിനിയോഗിക്കപ്പെടുന്നുണ്ട് എന്നുറപ്പുവരുത്താൻ സ്ഥാപനതല പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## 1-20 സാക്ഷരത മിഷൻ തുല്യതാപഠനം-ഫീസ് നൽകൽ- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം. :- 140/2021

ബിൽ നം :- 20120352099301112677 (₹ 24,150/-) C/o 19/02/2021

നിർവ്വഹണം :- ഹെഡ്മിസ്ട്രസ് , ഗവ. എൽ.പി.എസ്.

സാക്ഷരത മിഷൻ നടപ്പാക്കുന്ന പത്താം തരം തുല്യത, പ്ലസ് വൺ തുല്യത കോഴ്സുകളിൽ ചേരുന്ന ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളുടെ ഫീസ് ഒടുക്കുന്നതിനായി Rs.24,150/- രൂപ പഞ്ചായത്ത് പദ്ധതി വിഹിതമായി വികസനഫണ്ടിൽ നിന്നും സാക്ഷരത മിഷനിലേക്ക് നൽകിയിട്ടുണ്ട്. പത്താം തരം തുല്യത പഠനത്തിനായി 5 വിദ്യാർത്ഥികളുടെ ഫീസായി 1,750/- രൂപ വീതം ആകെ 8,750/- രൂപയും പ്ലസ് വൺ തുല്യത കോഴ്സുകളിലെ ഫീസായി 7 വിദ്യാർത്ഥികൾക്ക് 2,200/- രൂപ വീതം ആകെ 15,400/- രൂപയുമാണ് പഞ്ചായത്ത് നൽകിയിട്ടുള്ളത്. തുക മുൻകൂർ നൽകിയെങ്കിലും ഈ കോഴ്സുകളിലെ പഠിതാക്കളുടെ വിശദാംശങ്ങളോ കോഴ്സ് രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങളോ സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ വിവരങ്ങളോ പദ്ധതി ഫയലിലില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഈ വർഷം പാഠ്യപദ്ധതികളിൽ രജിസ്ട്രേഷൻ നടത്തിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല. കോവിഡ് പ്രതിസന്ധി മൂലമാണ് തുല്യത രജിസ്ട്രേഷൻ നടപടികൾ വൈകിയതെന്നാണ് തുടർ സാക്ഷരത ചുമതലയുള്ള പ്രേരകുമാർ അറിയിച്ചത്. തുടർ സാക്ഷരത പരിപാടികൾക്ക് സന്നദ്ധരായവരെ കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച ശേഷമാണ് ഇവരുടെ വിശദാംശങ്ങൾ നൽകി ബന്ധപ്പെട്ട കോഴ്സുകൾക്കുള്ള ഫീസ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും സാക്ഷരത മിഷന് കൈമാറേണ്ടത്. രജിസ്ട്രേഷൻ

നടപടികൾ പൂർത്തീകരിക്കാതെ കോഴ്സ് ഫീസ് അടക്കുന്നത് വേണ്ടത്ര പരിശീലനാർത്ഥികളെ ലഭ്യമാകാത്ത സാഹചര്യത്തിൽ കോഴ്സ് ഫീസിനത്തിൽ അധിക ചെലവിനിടയാക്കുമെന്നതിനാൽ തുടർസാക്ഷരത പഠനവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും ലഭ്യമായശേഷം മാത്രം ചെലവ് നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്ക് ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ ടി കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.21 ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | സപ്ലൈയേഴ്സ്എസ്.ഡി | 49,228 | 2015-16 മുതൽ |
| 2 | ബിഡേഴ്സ് ഇഎംഡി | 1,48,465 | 2014-15 മുതൽ |
| 3 | ഇലക്ഷൻഡെപ്പോസിറ്റ് | 29,500 | 2015-16 മുതൽ |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/13.3.22) സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-22 പഞ്ചായതത്ത് ഓഫീസിലെ ജനറേറ്റർ ബാറ്ററി വാങ്ങൽ

പഞ്ചായതത്ത് ഓഫീസിലെ ജനറേറ്റർ ബാറ്ററി പ്രവർത്തനരഹിതമായതിനാൽ ആയതു മാറ്റി പുതിയ ബാറ്ററി വാങ്ങുന്നതിനായി 06.07.20 ലെ 3ാം നം കമ്മറ്റി തീരുമാനപ്രകാരം ക്വട്ടേഷൻ വിളിച്ചിരുന്നതും കുറഞ്ഞ തുക ക്വാട്ടുചെയ്ത യൂണിയൻ ഓട്ടോമൊബൈൽ പാമ്പാക്കുട എന്ന സ്ഥാപനത്തിൽ നിന്നും ആമറോൺ 90AH ബാറ്ററി വാങ്ങുകയും വൗച്ചർ നം 22000511 തീയതി 17/09/2020 പ്രകാരം 6,650/-രൂപ നൽകിയതായും കാണുന്നു. എന്നാലിത് ബൈ ബാക്ക് വ്യവസ്ഥയിലല്ല വാങ്ങിയത്, ബൈ ബാക്ക് വ്യവസ്ഥയിൽ പഴയ ബാറ്ററിയുടെ വില കുറവ് ചെയ്തിട്ടുണ്ടോ എന്നാരാഞ്ഞ് ഓഡിറ്റ് എൻക്വയറി 16/2020-21 തീയതി 11/03/2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഉയർന്ന എ എച്ച് ഉള്ള ബാറ്ററികൾ വാങ്ങുമ്പോൾ ബൈ ബാക്ക് വ്യവസ്ഥയിൽ വാങ്ങി പഴയ ബാറ്ററിയുടെ വില കുറവ് ചെയ്തു വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/15.3.22) അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ബിറ്റുമിൻ ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും തിരികെ ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-24 തെരുവ് വിളക്ക് പരിപാലനം -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 207/2021 |
| പ്രൊജക്റ്റിന്റെ പേര് | തെരുവ് വിളക്ക് പരിപാലനം (സ്പിൽ ഓവർ) |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 4,50,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 438779/-<br>(BRN-20120352082000280195, തുക-1,88,933/-<br>BRN-20120352082000749815, തുക-1,31,266/-<br>BRN-20120352082001351469, തുക-1,18,580/-) |

2020-21 വർഷം പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ മെയിന്റനൻസ് കരാർ ലഭിച്ച ശ്രീ.അഭിലാഷ് കെ.എസ്. എന്ന വ്യക്തിക്ക് മേൽപ്പറഞ്ഞതു പ്രകാരം 4,38,779/- രൂപ മെയിന്റനൻസ് ചാർജിനത്തിൽ നൽകി. 9W LEDബൾബ് ഓർഡിനറി, 9W LEDബൾബ് ഓട്ടോമാറ്റിക്ക്,40W LEDബൾബ് ഓർഡിനറി, 40W LEDബൾബ് ഓട്ടോമാറ്റിക്ക്, ഫ്ലൂറസെന്റ് ട്യൂബ് സെറ്റ് (ഡബിൾ) എന്നിവയുടെ മെയിന്റനൻസിനാണ് കരാർ പ്രകാരം തുക നൽകിയത്. ലേബർ ചാർജ്, സാധനങ്ങളുടെ വില എന്നിവ ഉൾപ്പെടെയാണ് കരാർ നൽകിയത്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെൻഡർ നടപടി ക്രമ ങ്ങളിലെ അപാകതകൾ.

ടെൻഡർ ലഭിച്ച അഭിലാഷ് കെ.എസ്.നു പുറമെ AMPCUBE Engineering Services PVT.LTD.,കോതമംഗലം എന്ന സ്ഥാപനം കൂടി മാത്രമേ ടെൻഡറിൽ പങ്കെടുത്തിട്ടുള്ളൂ. ടെൻഡറിൽ ആവശ്യപ്പെട്ട രീതിയിൽ നിരക്ക് ക്വാട്ട് ചെയ്യാതിരുന്നതിനാൽ ടി സ്ഥാപനത്തിന്റെ ടെൻഡർ നിരസിച്ചു.

9W CFL ന്റെ നിരക്ക് ആണ് ടെൻഡറിൽ ക്വാട്ട് ചെയ്യാൻ ആവശ്യപ്പെട്ടതെങ്കിലും ടെൻഡർ ലഭിച്ച അഭിലാഷ് കെ.എസ്. ക്വാട്ട് ചെയ്തത് 11W CFL ന്റെ നിരക്ക് ആണ്. ടെൻഡറിൽ ആവശ്യപ്പെടാത്തതും പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കാത്തതുമായ വാട്ട്സിലുള്ള ലൈറ്റിന് തുക ക്വാട്ട് ചെയ്യുകയും ടെൻഡറിൽ ആവശ്യപ്പെട്ട ഇനം ലൈറ്റിന് തുക ക്വാട്ട് ചെയ്യാതിരിക്കുകയുമാണ് ചെയ്തത്. മേൽ കാരണത്താൽ ശ്രീ. അഭിലാഷിന്റെയും ടെൻഡർ നിരസിച്ച് റീ ടെൻഡർ ചെയ്യണമായിരുന്നു.ഇപ്രകാരം ചെയ്യാതെ ടെൻഡർ അംഗീകരിക്കുകയാണ് ചെയ്തത്.

ടെൻഡർ നോട്ടീസിൽ ടെണ്ടർ ഫോറങ്ങൾ തുറക്കുന്ന തീയതിയും സമയവും 23.12.19, 3PM എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ലഭിച്ച ടെൻഡറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 30.12.19 ൽ 3.15PMന് ടെൻഡർ തുറന്നുവെന്നാണ്. 30.12.19 ൽ മറ്റൊരു ടെൻഡർ നോട്ടീസ് നൽകിയെന്നും അതേ തീയതിയിൽ തന്നെ ടെൻഡർ തുറന്നു എന്നുമാണ് ഇതിനു വിശദീകരണം ലഭ്യമാക്കിയത്. ഇത് തൃപ്തികരമല്ല. ടെൻഡർ നോട്ടീസിൽ 40W ഫ്ളൂറസെന്റ് ട്യൂബ് സെറ്റിന്റെ മെയിന്റനൻസ് നിരക്ക് ആണ് ക്വാട്ട് ചെയ്യാൻ ആവശ്യപ്പെട്ടത്. ഡബിൾ ആണോ സിംഗിൾ ആണോയെന്ന് ചേർത്തിട്ടില്ല. എന്നാൽ കരാറുകാരൻ സിംഗിൾ ട്യൂബ് സെറ്റിനും ഡബിൾ ട്യൂബ് സെറ്റിനും പ്രത്യേകം നിരക്ക് ക്വാട്ട് ചെയ്യുകയും ഉയർന്ന നിരക്കിൽ തുക ക്വാട്ട് ചെയ്ത് ഡബിൾ ട്യൂബ് സെറ്റ് തകരാർ പരിഹരിച്ചതായി കാണിച്ച് തുക കൈപ്പറ്റുകയും ചെയ്തു.

ടെൻഡറിൽ അപാകതകൾ ഉണ്ടായിരുന്നെങ്കിലും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് അത്യാവശ്യമായിരുന്നതിനാലും സാമ്പത്തിക വർഷത്തിന്റെ അവസാന പാദം ആയിരുന്നതിനാലും ആണ് ശ്രീ.അഭിലാഷിന്റെ ടെൻഡർ അംഗീകരിച്ച് കരാർ വെച്ചതെന്നാണ് സെക്രട്ടറി അറിയിച്ചത്. പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിക്കേണ്ടതും കൃത്യമായി നിരക്കുകൾ രേഖപ്പെടുത്തിയിട്ടില്ലാത്ത ടെൻഡറുകൾ നിരസിക്കേണ്ടതുമാണ്.

2) തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമല്ല.

ഹാജരാക്കിയ തെരുവ് വിളക്ക് രജിസ്ററിൽ ഓരോ വാർഡിലുമുള്ള 9W,40W LED Automatic, Ordinary ലൈറ്റുകളുടെയും LED സ്ട്രീറ്റ് ലൈറ്റുകളുടെയും കുറച്ച് ഫ്ളൂറസെന്റ് ട്യൂബ് സെറ്റുകളുടെയും അവ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റുകൾ സഹിതമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. തെരുവ് വിളക്ക് രജിസ്റ്ററിൽ എല്ലാ വാർഡുകളിലും LED സ്ട്രീറ്റ് ലൈറ്റുകൾ നിരവധി എണ്ണം ഉള്ളതായി പോസ്റ്റ് നമ്പർ സഹിതം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എതെല്ലാം വാട്ട്സിലുള്ള സ്ട്രീറ്റ് ലൈറ്റുകളാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ലൈറ്റുകളുടെ ഇനവും എണ്ണവും തിട്ടപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3) പുതിയതായി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വിവരം ലഭ്യമല്ല.

കേടായ തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്കുള്ള ചാർജ്ജും കൂടാതെ റിപ്പയർ ചെയ്യാൻ സാധിക്കാത്ത വിധത്തിൽ കാലഹരണപ്പെട്ട പോയവ മാറ്റി ലൈറ്റ് ഷെയ്ഡ് സഹിതം പുതിയ ലൈറ്റ് സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള ചാർജ്ജും ടെൻഡറിൽ പ്രത്യേകം ക്വാട്ട് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ കരാറുകാരൻ അപ്രകാരം പ്രത്യേക നിരക്കുകൾ ക്വാട്ട് ചെയ്തിട്ടില്ല. അറ്റകുറ്റപ്പണിക്കും പുതിയത് സ്ഥാപിക്കുന്നതിനും ഒരേ നിരക്ക് ആണ് രേഖപ്പെടുത്തിയത്. പഞ്ചായത്ത് തുക അനുവദിച്ചതും ഒരു നിരക്കിൽ തന്നെയാണ്. പഴയ ലൈറ്റുകൾ മാറ്റി കരാറുകാരൻ സ്ഥാപിച്ച പുതിയ LED ലൈറ്റുകളുടെ വാട്ടേജ്, ലൈറ്റുകളുടെആകെ എണ്ണം, വാറന്റി വിവരങ്ങൾ എന്നിവ സംബന്ധിച്ച് പഞ്ചായത്തിൽ രേഖകൾ ഇല്ല. 24 മാസം വാറന്റി ഉള്ളവയാണ് LED ലൈറ്റുകൾ. വാറന്റി വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്താത്തതിനാൽ വാറന്റിയുള്ള ലൈറ്റുകൾക്കും തുടർന്ന് മെയിന്റനൻസിന് തുക നൽകാൻ സാധ്യതയുണ്ട്. പുതിയതായി സ്ഥാപിക്കുന്ന ലൈറ്റുകളുടെ വാറന്റി വിവരം പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഇവയുടെ മെയിന്റനൻസിനായി കരാറുകാരന് തുക നൽകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

കേടു വന്ന സാധന സാമഗ്രികൾ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം സഹിതം ഓരോ തവണയും ബില്ല് സമർപ്പിക്കുന്നതിനോടൊപ്പം കരാറുകാരൻ പഞ്ചായത്ത് ഓഫീസിൽ ഹാജരാക്കേണ്ടതുണ്ട്. ഡാമേജ് ആയ ചുവടെ ചേർക്കുന്ന സാമഗ്രികൾ കരാറുകാരൻ തിരികെ നൽകുന്നതായി പ്രൊജക്ട് ഫയലിൽ കാണിച്ചിട്ടുണ്ട്.

Bed Switch- 60 എണ്ണം

9W LED ബൾബ്-380 എണ്ണം(automatic ആണോ Ordinary ആണോ എന്ന് രേഖപ്പെടുത്തിയിട്ടില്ല).

Pendent Holder- 140എണ്ണം

മേൽപ്പറഞ്ഞവ പഞ്ചായത്ത് കൈപ്പറ്റിയതായുള്ള രേഖകൾ ഫയലിൽ ഇല്ല. കേടു വന്ന സാധനങ്ങൾ ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് ജോലിയിൽ ഏർപ്പെടുന്ന എല്ലാ തൊഴിലാളികളെയും കരാറുകാരൻ സ്വന്തം നിലയ്ക്ക് ഇൻഷ്വർ ചെയ്യേണ്ടതാണ്. തൊഴിലാളികൾക്ക് ഇൻഷ്വറൻസ് രേഖകൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതും Policy Schedule ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

4) തെരുവ് വിളക്ക് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കുലർ നമ്പർ 3055/ ഡി.എ 3/2011/ത.സ്വ.ഭ.വ,തീയതി 15.9.11 ,പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി-2/44274/2015 നമ്പർ സർക്കുലർ എന്നിവ പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കേണ്ടതും നോഡൽ പോയിന്റുകൾ നിശ്ചയിക്കേണ്ടതുമാണ്. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ നോഡൽ ഓഫീസറെ നിയമിക്കുകയോ പരാതി രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മേൽ പരാമർശിച്ചിരിക്കുന്ന സർക്കുലറിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-25 അസി.എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 160/21 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അസി.എഞ്ചിനിയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| ചെലവ് വിവരം | 110000/- (റോഡിതരം) |
| ബിൽ നം. | 3974/15.9.20 – ₹.22,000/-<br>5869/8.12.20 – ₹.22,000/-<br>6553/12.1.21 - ₹.22,000/-<br>7314/10.2.21 - ₹.22,000/-<br>8038/12.3.21 – ₹.22,000/- |

ഗ്രാമ പഞ്ചായത്തിലെ അസി.എഞ്ചിനിയർക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായുള്ള പദ്ധതിയ്ക്കായി ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.അഖിൽ ബാലൻ എന്നയാളുടെ ക്വട്ടേഷൻ (കാർ പ്രതിമാസം 1250 കി.മീ. വരെ 22000/- രൂപ) അംഗീകരിക്കുകയും ടിയാനുമായി 16.6.2020 ൽ കരാറിൽ ഏർപ്പെടുകയും, ഓഡിറ്റ് വർഷം ടി ഇനത്തിൽ 110000/- രൂപ ടിയാൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ഉണ്ടായിട്ടുള്ള താഴെ പറയുന്ന അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1.ക്വട്ടേഷൻ നിബന്ധന പ്രകാരം ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് സ്വന്തമായി വാഹനം ഉണ്ടായിരിക്കേണ്ടതും, ഡ്രൈവർക്ക് ലൈസൻസും, ബാഡ്ജും ഉണ്ടായിരിക്കേണ്ടതുമാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അഖിൽ ബാലന്റെ ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള വാഹന നമ്പർ KL-46-G-8407 ആണ്. (ടിയാൻ നൽകിയിട്ടുള്ള ക്വട്ടേഷനിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല) രജിസ്ട്രേഷൻ രേഖകൾ പ്രകാരം ടി വാഹനം അരുൺ രാഘവൻ എന്നയാളുടെതാണെന്ന് കാണുന്നു. ടിയാൾ ടെണ്ടറിൽ പങ്കെടുത്തിട്ടുമില്ല.
2. വാഹന വാടക ഇനത്തിൽ തൻവർഷം 110000/- രൂപ ശ്രീ.അഖിൽ ബാലന് നൽകിയിട്ടുണ്ട്. എന്നാൽ ടിയാനിൽ നിന്നും നിയമപ്രകാരം ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട 1% തുകയായ 1,100/- രൂപ ഈടാക്കിയിട്ടില്ല. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ടെണ്ടർ നിബന്ധന പ്രകാരം ഒരു മാസം നൽകാവുന്ന പരമാവധി തുക 22000/- രൂപയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മിനിമം നൽകേണ്ട തുക സംബന്ധിച്ച പരാമർശം ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് മൂലം 600 കി.മീ. മുതൽ 950 കി.മീ. വരെ ഓടിയിട്ടുള്ള മാസങ്ങളിൽ പോലും ആനുപാതികമായ കുറവ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

4. ഹാജരാക്കിയിട്ടുള്ള ലോഗ് ബുക്കിൽ വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

5.ലോഗ് ബുക്കിൽ വാഹനം ഓടിയതായി രേഖപ്പെടുത്തിയിട്ടുള്ള രേഖപ്പെടുത്തലുകൾ ക്രമ പ്രകാരമല്ല. 16.6.20 ൽ വാഹനം ഓട്ടം ആരംഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള റീഡിംഗ് 43811 ആണ്. എന്നാൽ മുൻവർഷം 31.3.20 വരെ വാഹനം ഓടിയതായി രേഖപ്പെടുത്തിയിട്ടുള്ള റീഡിംഗും 43811 തന്നെയാണ്. മുൻ വർഷത്തെ ഫയൽ ഹാജരാക്കുവാനാവശ്യപ്പെട്ടിട്ടും ആയത് ഹാജരാക്കിയിട്ടില്ല.

ലോഗ് ബുക്കിലെ അപാകത

| തീയതി | ഓഡോമീറ്റർ റീഡിംഗ് (ലോഗ് ബുക്ക് പ്രകാരം) | സഞ്ചരിച്ച കി.മീ | റിമാർക്സ് |
|---|---|---|---|
| 16.6.20–30.6.20 | 43811 - 44850 | 1039 | |
| 1.7.20–10.7.20 | 44850 – 45337 | 487 | |
| 2.11.20–30.11.20 | 52347 - 52967 | 620 | 30.11.20 ൽ ഓട്ടം നിർത്തിയത് 52967 ൽ . 1.12 ൽ തുടങ്ങിയത് 60200 ൽ. വ്യത്യാസം 7233 കി.മീ |
| 1.12.20–31.12.20 | 60200 - 63428 | 3228 | (*) |
| 1.1.21–30.1.21 | 65100 - 66049 | 949 | 31.12.20 ൽ ഓട്ടം നിർത്തിയത് 63428 ൽ . 1.1.21ൽ തുടങ്ങിയത് 65100 ൽ. വ്യത്യാസം 1672 കി.മീ |
| 1.2.21–27.2.21 | 7100 - 7817 | 717 | |

(*) 9.12.20 തീയതിയിൽ 3.15 Pm വരെ ഓടിയതായി രേഖപ്പെടുത്തിയ റീഡിംഗ് 60813. തുടർന്ന് അന്ന് തന്നെ 3.30 Pm ന് 20 കി.മീ ഓടിയ ശേഷം രേഖപ്പെടുത്തിയ റീഡിംഗ് 62318. (വ്യത്യാസം 1485 കി.മീ) തുടർന്ന് ടീ റീഡിംഗിന്റെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/15.3.22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ പ്രതി ദിനം ശരാശരി 35 കി.മീ ദൂരം വീതം 25 ദിവസത്തേയ്ക്ക് (എല്ലാ ചെലവുകളും ഉൾപ്പെടെ) കണക്കാക്കിയാണ് തുക അനുവദിച്ചതെന്നും ലോഗ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരമല്ല തുക നൽകിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 35 കി.മീ വീതം കണക്കാക്കിയാൽ 25 ദിവസത്തേയ്ക്ക് ആകെ 875 കി.മീറ്ററാണ് സഞ്ചരിക്കുന്നത്. എന്നാൽ അസി.എഞ്ചിനിയർ ക്ഷണിച്ചിട്ടുള്ള ക്വട്ടേഷനിൽ 1250 കി.മീ സഞ്ചരിക്കുന്നതിന് എല്ലാ ചെലവുകളും ഉൾപ്പെടെയുള്ള നിരക്ക് ക്വാട്ട് ചെയ്യാനാണ് ആവശ്യപ്പെട്ടിരുന്നത്. ആയത് പ്രകാരമാണ് ക്വട്ടേഷനുകൾ ലഭിച്ചിട്ടുള്ളതും. പ്രതിമാസം സഞ്ചരിക്കേണ്ട ദൂരം 875 കി.മീ എന്ന് നിശ്ചയിച്ച സാഹചര്യത്തിൽ 1250 കി.മീറ്ററിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഖണ്ഡികയിൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-26 സേവനപെൻഷൻ – കൈപ്പറ്റാത്ത പെൻഷൻ തുകകൾ - വിവരം ലഭ്യമല്ല

സേവനപെൻഷൻ ഗുണഭോക്താക്കളായിരിക്കുമ്പോൾ മരണപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടുകളിൽ അവർ മരിച്ച തീയതിക്ക് ശേഷം വന്ന പെൻഷൻ തുകകൾ കൈമാറാൻ സാധിച്ചിട്ടില്ല എന്ന് പെൻഷൻ സൈറ്റിൽ കാണിച്ചിട്ടുണ്ട്. പക്ഷേ മരിച്ച തീയതി കഴിഞ്ഞ് മാസങ്ങൾ കഴിഞ്ഞാണ് ഇവരുടെ പേരുകൾ Pension Suspended List ൽ

ഉൾപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ പറയുന്നു .

| ക്രമ നം. | പേര് , പെൻഷനർ ID , ലഭിച്ചിരുന്ന പെൻഷൻ | മരണപ്പെട്ട തീയതി (മരണറിപ്പോർട്ട് പ്രകാരം) | പെൻഷൻ ലിസ്റ്റിൽ നിന്നുംനീക്കം ചെയ്ത തീയതി(സേവന സൈറ്റ് പ്രകാരം) | മരണപ്പെട്ടതിന് ശേഷം അക്കൗണ്ടിൽ വന്നതും കൈമാറാൻ സാധിക്കാത്തതുമായ തുക |
|---|---|---|---|---|
| 1 | ദേവകി കക്കേത്ത് , 106980100134 , ALP | 09.08.20 | 22.07.21 | 17500 /- |
| 2 | പള്ളിയാൻ അയ്യപ്പൻ , 106980100352 , ALP | 18.06.20 | 22.07.21 | 8400 /- |
| 3 | റെയ്ച്ചൽ പത്രോസ് ,106980600474 , WP | 13.04.20 | 22.07.21 | 20100 /- |
| 4 | പ്ലാല കൊടിയൻ ,106980600004 , WP | 27.10.20 | 22.07.21 | 12100 /- |
| 5 | നന്ദിനി ,106980600203 , WP | 30.08.20 | 22.07.21 | 14900 /- |
| 6 | മറിയാമ്മ കുര്യച്ചൻ ,106980600214 , WP | 21.08.20 | 22.07.21 | 17500 /- |
| 7 | കുട്ടി അയ്യപ്പൻ ,106980100488 , ALP | 07.11.20 | 22.07.21 | 12100 /- |
| 8 | അന്നക്കുട്ടി ഉലഹന്നാൻ ,106980100577, ALP | 09.10.20 | 22.07.21 | 13500 /- |
| 9 | യോഹന്നാൻ ,106980100318 , ALP | 04.04.20 | 22.07.21 | 26200 /- |
| 10 | ഏലിയാമ്മ ചെറിയാൻ ,106980100107 , ALP | 07.03.20 | 22.07.21 | 26200 /- |

ടി ഗുണഭോക്താക്കൾ രാമമംഗലം സർവീസ് സഹകരണ ബാങ്ക് മുഖേന പെൻഷൻ ലഭിച്ചിരുന്നവരാണ്. ബാങ്ക് സെക്രട്ടറിയുടെ 20.07.21 ലെ G 8199 / 07 / 21 നം .കത്ത് പ്രകാരം തുക കൈപ്പറ്റാത്തവരുടെ പേര് നീക്കം ചെയ്യണമെന്ന് ആവശ്യപ്പട്ടത് പ്രകാരമാണ് ഇവരെ പെൻഷൻ ലിസ്റ്റിൽ നിന്നും സസ്പെൻഡ് ചെയ്തിരിക്കുന്നത്. ഈ ബാങ്കിലെയും ദേശസാൽകൃത ബാങ്കുകളുൾപ്പടെയുള്ള മറ്റ് ബാങ്കുകളിലെയും അക്കൗണ്ടുകളിൽ ഗുണഭോക്താക്കൾ കൈപ്പറ്റാത്ത തുക അവശേഷിക്കുന്നുണ്ടെങ്കിൽ തിരികെ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നല്കിയ എൻക്വയറിക്ക് (നം. 10 ,10.03.22) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ PAN/2021/2019-DBT1(DP) സർക്കുലർ പ്രകാരം ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ ലഭിക്കുന്ന ഗുണഭോക്താവ് മരണപ്പെട്ടാൽ മരണപ്പെട്ടതിന് ശേഷം ടിയാളുടെ അക്കൗണ്ടിലേക്ക് വന്നിട്ടുള്ള തുക കണക്കാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരികെ അടക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നല്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പെൻഷൻ വിതരണത്തിലെ സുതാര്യത ഉറപ്പാക്കുന്നതിന് മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ കൈപ്പറ്റാതെ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നല്കേണ്ടതും തിരികെ ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ് .

## 1-27 മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ :-

ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല :-

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) നിശ്ചിത മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(5) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(6)ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/15.3.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-28 ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദി ദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. രാമമംഗലം ഗ്രാമ പഞ്ചായത്ത്

പ്രസിഡന്റിന്റെ പേരിൽ സർവ്വീസ് സഹകരണ ബാങ്കിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 3321) 2016-17 മുതൽ നാളിതുവരെ ആർക്കും തന്നെ ഇതിൽനിന്നും തുക അനുവദിച്ചിട്ടില്ല. വർഷാന്ത്യ (31.3.2021) നീക്കിയിരിപ്പായി ഈ അക്കൗണ്ടിൽ 6661/- രൂപ ബാക്കിയുണ്ട്. നിലവിൽ പലിശ ഇനത്തിലുള്ള വരവല്ലാതെ മറ്റ് വരവുകൾ വന്നിട്ടില്ല. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-29 തെരുവ് വിളക്ക് മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റിയിട്ടില്ല.

2020-21 വർഷം 6,73,049/-രൂപ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ അടവാക്കി. Unmetered Street Light ആയതിനാൽ വ്യത്യസ്ത വാട്ട്സിലുള്ള ഓരോ ഇനം ലാംപിന്റെയും Burning Hours അടിസ്ഥാനമാക്കിയാണ് KSEB പ്രതിമാസ വൈദ്യുതി ചാർജ് കണക്കാക്കുന്നത്. 2020-21 വർഷം പ്രാബല്യത്തിൽ ഉണ്ടായിരുന്ന Tariff (LT-VIII A 3 Phase) അടിസ്ഥാനമാക്കി പഞ്ചായത്ത് പരിധിയിലെ തെരുവു വിളക്കുകൾക്ക് KSEB വൈദ്യുതി ചാർജ് കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല. ഹാജരാക്കിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം നിലവിൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി ഉപഭോഗം വളരെ കുറവായ LED ലൈറ്റുകളാണ് സ്ഥാപിച്ചിരിക്കുന്നത് എന്നതിനാൽ ആയവ മാത്രമേ പ്രതിമാസ വൈദ്യുതി ചാർജ് തിട്ടപ്പെടുത്തുന്നതിന് KSEB പരിഗണിക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കുലർ നം 65529/ഡി.സി3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്.ഇ.ബി നല്കുന്നതാണെന്നും ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ മീറ്ററിംങ് സമ്പ്രദായത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 നിക്ഷേപ പ്രവൃത്തി - ജി.എസ്.ടി ഇനത്തിൽ തുക നൽകേണ്ടതില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 83/2021 |
| പ്രൊജക്ടിന്റെ പേര് | തെരുവ് വിളക്ക് മെയിൻ ലൈൻ ദീർഘിപ്പിക്കൽ(സ്പിൽ ഓവർ) |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 7,20,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 66045/- (TRN-201203000000000935/13.5.20)<br>6,50,800/- (TRN-201203000000001083/25.5.20.) |

പ്രൊജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മെയിൻ ലൈൻ ദീർഘിപ്പിക്കുന്നതിനായി 7,16,845/- രൂപ കെ.എസ്.ഇ.ബി.ക്ക് നൽകി. പ്രവൃത്തി പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. 10% സെന്റേജ് ചാർജിനോടൊപ്പം ആകെ പ്രവൃത്തി മൂല്യത്തിന്റെ 18% ജി.എസ്.ടി.യും 1% ഫ്ളഡ് സെസും ഉൾപ്പെടെയുള്ള തുകയും കൂടി ചേർത്താണ് കെ.എസ്.ഇ.ബി.എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഗവൺമെന്റ് ഓഫ് ഇന്ത്യ , മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.2017 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 പ്രകാരം (Central Tax Rate ) SL No.5 Chapter 99 (Services By A Government (Central Government, State Governmennt, Union Territory, Local Self Government) Or Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayath Under Article 243G Of The Constituion Tax-NIL) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിന് ഗവൺമെന്റുകളോ ഗവൺമെന്റ് ഏജൻസികളോ നല്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി നല്കേണ്ടതില്ല. തുക തിരികെ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഈ വിഷയം സംബന്ധിച്ച് നൽകിയ 24/13.3.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ അറിയിച്ചു. ഇക്കാര്യം കെ.എസ്.ഇ.ബി.യെ രേഖാമൂലം അറിയിച്ച് ജി.എസ്.ടി., ഫ്ലഡ് സെസ് ഇനങ്ങളിൽ ഈടാക്കിയ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലുള്ള 316 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ നിരക്കിൽ പ്രതിമാസം 1,38,250/- രൂപ അടവാക്കേണ്ടതാണെങ്കിലും തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം 2020-21 വർഷം പ്രതിമാസം തുകയൊന്നും അടവാക്കിയിട്ടില്ല. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 106/2021 നമ്പർ പ്രൊജക്ട് പ്രകാരം നോൺ-റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 15.01.2021 ൽ 735319/- രൂപ അടവാക്കി. ടി തുക മാത്രമാണ് വെള്ളക്കരം ഇനത്തിൽ 2020-21 വർഷം അടവാക്കിയ ആകെ തുക.വെള്ളക്കരം അടവാക്കാത്തതു മൂലം ഭീമമായ തുക കുടിശിക ആയിട്ടുണ്ട്. 2020-21 വർഷം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച ഡിമാന്റ് നോട്ടീസുകൾ പരിശോധിച്ചതിൽ 31.3.2021 പ്രാബല്യത്തിൽ അടവാക്കാൻ അവശേഷിക്കുന്ന തുക 72,74,600/- രൂപയാണ് (ബിൽ നമ്പർ-50108/08.3.21). വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗ ശൂന്യമായ കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആവശ്യമുള്ള കണക്ഷനുകളുടെ മാത്രം വെള്ളക്കരം അടവാക്കേണ്ടതുമാണ്. പ്രതിമാസം 2% നിരക്കിൽ പ്രതിവർഷം 24% നിരക്കിലാണ് വാട്ടർ അതോറിറ്റി കുടിശികയ്ക്ക് പിഴപ്പലിശ ഈടാക്കുന്നത്. ആയതിനാൽ കുടിശിക അടവാക്കുന്നതിന് സാദ്ധ്യമായ എല്ലാ മാർഗങ്ങളും സ്വീകരിക്കേണ്ടതാണ്.

## 1-32 വരൾച്ച സമയത്തെ കുടിവെള്ള വിതരണം-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 154/2021 |

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | വരൾച്ച ദുരിതാശ്വാസം കുടിവെള്ള വിതരണം |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |
| അടങ്കൽ | 58,000/-(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | 57600/-(TRN-2012030000000003193/21.8.20) |

2020 ഏപ്രിൽ 11, 13, 16, 19, 23, 26, 27, മെയ് 5 തുടങ്ങി 8 ദിവസങ്ങളിൽ പഞ്ചായത്തിലെ 3 വാർഡുകളിൽ KL-08 A/L- 5118 നമ്പർ വാഹനത്തിൽ കുടിവെള്ള വിതരണം നടത്തിയതിന് 57600/- രൂപ കരാറുകാരനായ ജേക്കബ്ബ് പി.ഐ.സെന്റ് തോമസ് വാട്ടർ സപ്ലൈ, മാറാടി എന്ന വ്യക്തിക്ക് മേൽ സൂചിപ്പിച്ചപ്രകാരം നൽകി. ലോക്ക് ഡൗൺ ആയിരുന്നതിനാൽ ക്വട്ടേഷൻ ക്ഷണിക്കാതെ മുൻ വർഷം കുടിവെള്ളം വിതരണം ചെയ്ത അതേ കരാറുകാരനെ തന്നെ കുടിവെള്ള വിതരണം ഏൽപ്പിക്കുകയാണ് ചെയ്തത്. വാട്ടർ അതോറിറ്റിയുടെ പിറവം, കക്കാട് ഉള്ള പ്ലാന്റിൽ നിന്നാണ് കുടിവെള്ളം ശേഖരിച്ച് വാർഡുകളിൽ വിതരണം ചെയ്തത്. ഒരു കിലോമീറ്ററിന് 90/-രൂപ നിരക്കിൽ 640 കി.മീ. സഞ്ചരിച്ചതിനാണ് തുക നൽകിയത്. വാട്ടർ അതോറിറ്റിയിൽ നിന്നും സൗജന്യമായാണ് കുടിവെള്ളം ലഭിക്കുന്നത് എന്നിരിക്കെ കിലോമീറ്ററിന് 90/- രൂപ എന്നത് വളരെ ഉയർന്ന നിരക്കാണ്.

കുടിവെള്ള വിതരണം സംബന്ധിച്ചുള്ള ദുരന്ത നിവാരണ വകുപ്പിന്റെ സ.ഉ(സാധാ)നം. 787/2017/ഡി.എം.ഡി., തീ.23.02.2017, സ.ഉ(സാധാ)നം.494/2020/ത.സ്വ.ഭ.വ., തീ.27.02.20 നമ്പർ ഉത്തരവുകൾ പ്രകാരം ജലവിതരണ ടാങ്കറുകളിൽ ജി.പി.എസ്.ഉപകരണം ഘടിപ്പിക്കേണ്ടതാണ്.ജലവിതരണം നടത്തുന്ന പ്രദേശത്ത് ജലവിതരണം നടത്തി എന്നതിന്റെ തെളിവായി പ്രദേശത്തെ വാർഡ് മെമ്പറും പഞ്ചായത്ത് സെക്രട്ടറിയും വില്ലേജ് ഓഫീസറും ദൈനംദിന ട്രിപ്പ് ഷീറ്റ് സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജലവിതരണം നടത്താൻ ഉപയോഗിച്ച ടാങ്കറിന്റെ വാടക ഉടമസ്ഥന് നൽകുന്നത് ജി.പി.എസ്. ലോഗും ട്രിപ്പ് ഷീറ്റും ഒത്തു നോക്കി വാഹനം സഞ്ചരിച്ച കിലോമീറ്റർ ജി.പി.എസ്. ലോഗിൽ നിന്നും നിർണ്ണയിച്ചതിനു ശേഷം ട്രിപ്പ് ഷീറ്റ് പരിശോധിച്ച് അതാത് ദിവസം ട്രിപ്പ് നടന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമായിരിക്കണം. എന്നാൽ ഇപ്രകാരം ജി.പി.എസ്. ലോഗുമായി ഒത്തു നോക്കിയല്ല കരാറുകാരന് തുക നൽകിയത്. ലോഗ് ബുക്ക്, ട്രിപ്പ് ഷീറ്റ് എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒരു ജി.പി.എസ്. റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി റിപ്പോർട്ടിൽ വാഹന നമ്പരും ജി.പി.എസ്. ഡിവൈസ് നമ്പരും ഉൾപ്പെട്ടിട്ടില്ല. ട്രിപ്പ് ഷീറ്റ് പ്രകാരം സഞ്ചരിച്ച സ്ഥലങ്ങൾ അല്ല രേഖപ്പെടുത്തിയിട്ടുള്ളത്.

വാഹനത്തിന്റെ രജിസ്ട്രേഷൻ,ഇൻഷുറൻസ് വിവരങ്ങൾ, ഡ്രൈവറുടെ ലൈസൻസ്, ബാഡ്ജ് പകർപ്പുകൾ എന്നിവ ഫയലിൽ ഇല്ല. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട്-2006 പ്രകാരം വാഹനത്തിന് കുടിവെള്ള വിതരണത്തിന് ലൈസൻസ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

കുടിവെള്ളം ശേഖരിച്ച സ്ഥലമായ വാട്ടർ അതോറിറ്റി കക്കാട് പ്ലാന്റിൽ നിന്നുമുള്ള ഗേറ്റ് പാസ് 11.4.20,13.4.20,16.4.20, 19.4.20 തീയതികളിൽ 202 മുതൽ 215 വരെയുള്ള തുടർച്ചയായുള്ള നമ്പരുകളിലാണ്. കുടിവെള്ളം ശേഖരിക്കുന്നതിനായി നിരവധി വാഹനങ്ങൾ പ്ലാന്റിൽ വരുമെന്നിരിക്കെ തുടർച്ചയായുള്ള നമ്പരിലുള്ള ഗേറ്റ് പാസ് കരാറുകാരന് ലഭിച്ചതെങ്ങനെയെന്ന് വിശദീകരിച്ചിട്ടില്ല. പ്ലാന്റിൽ നിന്നും രാമമംഗലം പഞ്ചായത്തിലേക്ക് വിതരണത്തിനായി ശേഖരിച്ച കുടിവെള്ളത്തിന്റെ ആകെ അളവ്, ആകെ ട്രിപ്പുകളുടെ എണ്ണം എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റി ഓഫീസിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ലോഗ് ബുക്ക് പ്രകാരം കുടിവെള്ളം ശേഖരിക്കുന്നതിനു ടാങ്കർ ലോറി പുറപ്പെടുന്നതും വിതരണം ചെയ്തതിനു ശേഷം തിരിച്ചെത്തുന്നതും പഞ്ചായത്ത് ഓഫീസിലാണ്. ആയതിനാൽ വാർഡുകളിൽ നിന്നും പഞ്ചായത്തിൽ എത്തുന്ന ദൂരം കൂടി കണക്കാക്കിയാണ് ആകെ ദൂരം നിശ്ചയിച്ച് തുക നൽകിയിട്ടുള്ളത്. ഇപ്രകാരം ദൂരം കണക്കാക്കിയതിന് സെക്രട്ടറി വിശദീകരണം ഹാജരാക്കിയിട്ടില്ല. ഇൻകം ടാക്സ് ആക്ട് 1961, സെക്ഷൻ 194C പ്രകാരം കരാറുകാരനിൽ നിന്ന് 1% ടി.ഡി.എസ്. കുറവ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

കുടിവെള്ള വിതരണം നടത്തിയതിൽ വന്ന മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് തുടർന്ന് കുടിവെള്ള വിതരണം നടത്തേണ്ടതാണ്. കുടിവെള്ളം കൊണ്ടു പോകുന്നതിന് ആർ.ടി.ഒ. ഓഫീസിൽ നിന്നും അനുമതി ലഭിച്ചിട്ടുള്ളതും അംഗീകൃത VLTD (വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ്) ഘടിപ്പിച്ച് ടാഗ് ചെയ്ത് ആയതും ആർ.ടി.ഒ. പരിശോധിച്ച് അംഗീകാരം നൽകിയിട്ടുള്ളതും സാധുതയുള്ള FSSAI ലൈസൻസ് ഉള്ളതുമായ ടാങ്കറുകളിൽ മാത്രം തുടർന്ന് കുടിവെള്ള വിതരണം നടത്തേണ്ടതാണ്. ക്വട്ടേഷൻ നിബന്ധനകളിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

കുടിവെള്ള വിതരണത്തിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 29/14.3.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹാജരാക്കിയ മറുപടി തൃപ്തികരമല്ല. അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ഐ.എസ്.ഒ. റീസർട്ടിഫിക്കേഷൻ - കൺസൾട്ടൻസി സ്ഥാപനത്തിന് തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | 130/2021 |
| പ്രൊജക്ടിന്റെ പേര് | മൃഗാശുപത്രിക്ക് ഐ.എസ്.ഒ. റീ-സർട്ടിഫിക്കേഷൻ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 60,000/-(നോൺ-റോഡ് മെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവ് | 60,000/-(ബിൽ നമ്പർ-239/18.01.21) |

ഊരമന ഗവ.വെറ്ററിനറി ഡിസ്പെൻസറിക്ക് ISO 9001:2015 QMS റീസർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി സർട്ടിഫിക്കേഷൻ സ്ഥാപനമായ TQ Services ന് 30,000/- രൂപയും കൺസൾട്ടൻസിക്കായി M/S Zealous Consultancy Services എന്ന സ്ഥാപനത്തിന് 30,000/- രൂപയും മേൽ സൂചിപ്പിച്ചപ്രകാരം നൽകി.

2018 മാർച്ച് 18 നാണ് ആദ്യമായി വെറ്ററിനറി ഡിസ്പെൻസറിക്ക് ISO സർട്ടിഫിക്കേഷൻ ലഭിച്ചത്. 3 വർഷമാണ് TQ Services നൽകിയ സർട്ടിഫിക്കറ്റിന്റെ കാലാവധി. ISO സർട്ടിഫിക്കേഷനായി സ്ഥാപനത്തെ ഒരുക്കുന്നതിനും ISO യുടെ വിവിധ Clauses പ്രകാരമുള്ള ഡോക്യുമെന്റുകൾ തയ്യാറാക്കുന്നതിനുമായി M/S Zealous Consultancy Services ന

തന്നെയാണ് കരാർ നൽകിയത്. ടി സ്ഥാപനത്തിന്റെ നിർദേശ പ്രകാരം 2017-18ൽ തയ്യാറാക്കിയ കുറച്ച് ഡോക്യുമെന്റുകൾ ഓഡിറ്റ് വേളയിൽ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് വെറ്ററിനറി സർജൻ ഹാജരാക്കിയിരുന്നു.

ISO റീസർട്ടിഫിക്കേഷന്റെ ഭാഗമായി വെറ്ററിനറി സർജൻ ഒന്നാം കക്ഷിയായും M/S Zealous Consultancy Services രണ്ടാം കക്ഷിയായും 12.11.20 ൽ വെച്ച കരാറിൽ Second Party Will Help And Train The First Party For Developing Quality Manual, Quality System Procedures, Work Instructions And Other Related Documents For The Implementation Of Recertification Of ISO 9001:2015 QMS എന്നു പറയുന്നുണ്ട്. എന്നാൽ 2020-21 വർഷം ISO റീസർട്ടിഫിക്കേഷനായി Zealous Consultancy Services എന്തെങ്കിലും സേവനങ്ങൾ ചെയ്തതായുള്ള രേഖകളൊന്നും ലഭിച്ചില്ല. 2018 ൽ സർട്ടിഫിക്കേഷൻ സമയത്ത് തയ്യാറാക്കിയ ഡോക്യുമെന്റുകൾ മാത്രമേ നിലവിലും ഉള്ളൂ. ആദ്യ സർട്ടിഫിക്കേഷൻ സമയത്ത് തയ്യാറാക്കേണ്ട ഡോക്യുമെന്റുകൾ റീസർട്ടിഫിക്കേഷന വേണ്ടിയും തയ്യാറാക്കുന്നതായി കരാറിൽ കാണിക്കുകയാണ് ഇവിടെ ചെയ്തത്. കൂടാതെ 2018 ലെ ISO ഓഡിറ്റ് റിപ്പോർട്ടിൽ Area Of Improvements എന്ന ഭാഗത്ത് കാണിച്ചിരിക്കുന്ന പോയിന്റുകൾ വെറ്ററിനറി ഡിസ്പെൻസറിക്കു തന്നെ പരിഹരിക്കാവുന്നവയായിരുന്നു. ഇവയൊന്നും കൺസൾട്ടൻസിയുടെ സേവനം ആവശ്യമുള്ളവയല്ല. ഗവ.വെറ്ററിനറി ഡിസ്പെൻസറി പോലെയുള്ള ഒരു സ്ഥാപനത്തിൽ ISO റീസർട്ടിഫിക്കേഷനായി കൺസൾട്ടൾസിയുടെ സേവനം ആവശ്യമില്ലായിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

ISO സർട്ടിഫിക്കേഷന ശേഷം 12 ,24 മാസങ്ങളിൽ (2021-22,2022-23 വാർഷിക പദ്ധതി കാലയളവിൽ വരുന്നത്) TQ Services നടത്തുന്ന ISO സർവ്വയിലൻസ് ഓഡിറ്റുകൾക്കുള്ള കൺസൾട്ടേഷനും 60,000/-രൂപ പ്രതിഫലം നിശ്ചയിച്ചു കൊണ്ട് Zealous Consultancy Services ആയി വെറ്ററിനറി സർജൻ 2020-21 വർഷം തന്നെ മുൻകൂർ കരാർ വെച്ചു. സ്ഥാപനത്തിന് ആദ്യത്തെ സർവ്വയിലൻസ് ഓഡിറ്റിന് 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 30,000/-രൂപ നൽകിയതായി ഓഡിറ്റ് വേളയിൽ ഹാജരാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ISO സർട്ടിഫിക്കേഷൻ സമയത്ത് ഉണ്ടായിരുന്ന സജ്ജീകരണങ്ങളും സേവനങ്ങളും തുടർന്നും സ്ഥാപനം നിലനിർത്തുന്നുണ്ടോയെന്ന പരിശോധിക്കുക മാത്രമാണ് സർവ്വയിലൻസ് ഓഡിറ്റ് എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. കൺസൾട്ടന്റിന്റെ സേവനം ഇവിടെയും ആവശ്യമില്ല. ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ആവശ്യമായ സേവനം 2018 ൽ കൺസൾട്ടന്റ് നൽകിയിട്ടുണ്ട് എന്നിരിക്കെ കൺസൾട്ടന്റിന്റെ സേവനം ആവശ്യമില്ലാത്ത റീസർട്ടിഫിക്കേഷൻ ഓഡിറ്റ്, സർവ്വയിലൻസ് ഓഡിറ്റ് തുടങ്ങിയവയ്ക്കായി പദ്ധതിപ്പണം ചെലവഴിച്ചിരിക്കുന്നു. പ്രൊജക്ടുകൾക്ക് പണം വകയിരുത്തി ചെലവഴിക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-34 ക്യാൻസർ വിമുക്തകേരളം - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ 2020-21 സാമ്പത്തികവർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി. രാമമംഗലം നടപ്പിലാക്കിയ ക്യാൻസർ വിമുക്ത കേരളം എന്ന പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന് 2550/- രൂപ താഴെപ്പറയും പ്രകാരം വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 213/20 |
| പ്രോജക്ടിന്റെ പേര് | ക്യാൻസർ വിമുക്തകേരളം |
| അടങ്കൽ | 2550/-(വികസന ഫണ്ട്.) |
| ചെലവ് | 2550/- |
| ബിൽനം&തീയതി | 138/5-10-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

ഫയൽ പരിശോധിച്ചതിൽ നിന്നും പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ ബോധവൽക്കരണ ക്ലാസിനോടൊപ്പം ക്യാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ നടത്തിയോ എന്ന് പരിശോധിക്കാൻ രേഖകൾ ഫയലിൽ ലഭ്യമല്ല. സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ., തീ.14.02.18 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 8.4 പ്രകാരം, ഉത്പാദനപരമല്ലാത്ത പരിപാടിയായ ബോധവൽക്കരണ ക്യാംപയിനുകൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ല. ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ മാത്രം അനുവദനീയമാണ്. മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കി. കൂടാതെ തുക ചെലവഴിച്ചതിന്റെ രേഖകളൊന്നും ഫയലിൽ ഇല്ല. ചെലവ് രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/11-03-2022) ലഭ്യമാക്കിയ മറുപടി യിൽ രേഖകൾ ഫയലിൽ ഇട്ടിട്ടുണ്ട് എന്നാണ് അറിയിച്ചിരുന്നത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ തുക കൊടുത്തതിന്റെ വിവരങ്ങൾ മാത്രമേ ഉള്ളൂ. ചെലവ് രേഖകൾ ഒന്നും ലഭ്യമായിട്ടില്ല.

ജില്ലാ ആസൂത്രണസമിതിയാണ് സമഗ്രക്യാൻസർ നിയന്ത്രണ പരിപാടി ജില്ലയിലൊട്ടാകെ ആസൂത്രണം ചെയ്തിരിക്കുന്നത്. ജില്ലാ ആസൂത്രണസമിതിയുടെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുകൾ അതാതു ആരോഗ്യസ്ഥാപനം വഴി എല്ലാ വാർഡുകളിലും കുറഞ്ഞത് ഒരു ക്യാൻസർ അവബോധ പരിപാടിയെങ്കിലും പൊതുജനങ്ങൾക്കായി നടത്തേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ വാർഡുകളിൽ നിന്നും ക്യാൻസർ രോഗം സംശയിക്കപ്പെടുന്നവർക്കുള്ള പ്രിലിമിനറി സ്ക്രീനിംഗ് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം നടത്തുകയും ജെ.പി.എച്ച്.എൻ/ജെ.എച്ച്.ഐ വഴി ബന്ധപ്പെട്ട ആരോഗ്യസ്ഥാപനത്തിൽ നടത്തുകയും ബയോപ്സി/ എഫ്.എൻ.എ.സി/ പാപ് സ്മിയർ തുടങ്ങി കൂടുതൽ പരിശോധന ആവശ്യമുള്ളവരെ ബന്ധപ്പെട്ട താലൂക്ക്/ ജില്ലാ/ ജനറൽ ആശുപത്രിയിലേക്ക് റെഫർ ചെയ്യേണ്ടതുമാണ്. ബോധവൽക്കരണ ക്ലാസിനോടൊപ്പം ക്യാൻസർ രോഗനിർണ്ണയ ക്യാമ്പുകൾ നിർബന്ധമായും ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. ചെലവ് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.ചെലവ് രേഖകളുടെ അഭാവത്തിൽ ടി പ്രോജക്ടിനായി ചെലവഴിച്ച 2,550/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 സി.എഫ്.എൽ.ടി.സി.യിലേക്കുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ - ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 249/21 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സി.എഫ്.എൽ.ടി.സി.യിലേക്കുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ. |
| അടങ്കൽ | ₹ 5,00,000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | ₹ 5,958/-(ബിൽ നം. 406/30-3-21) |
| നിർവ്വഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

ടി പ്രോജക്ട് പ്രകാരം സി.എഫ്.എൽ.ടി.സി.യിലേക്കുള്ള മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക്കായി 5,00,000/- രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 5,958/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ടി തുക മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി സി.എച്ച്.സി. (രാമമംഗലം)യ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ചെലവ് വിവരങ്ങൾ ഫയലിൽ ഇല്ല. ഇവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ടും ടി പ്രോജക്ടിനായി 5,00,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും ഇതിൽ നിന്നും 5,958/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നും ഇപ്രകാരം വളരെ കുറഞ്ഞ തുക മാത്രം ചെലവഴിച്ചതിന്റെ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/11-3-22) ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഫയലിൽ ഉണ്ടെന്നും ടി പ്രോജക്ട് ചില സാങ്കേതിക കാരണങ്ങളാൽ വൈകിയാണ് പാസാക്കിയതെന്നും ആയതിനാലാണ് തുക ചെലവഴിക്കാൻ സാധിക്കാതെ വന്നതെന്നും ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി തുക ചെലവഴിച്ചതിന്റെ രേഖകൾ ഒന്നും ഫയലിൽ ലഭ്യമല്ല. ചെലവിനാധാരമായ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ടി പ്രോജക്ടിനായി ചെലവഴിച്ച 5,958/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 ഓഡിറ്റ് ഇംപാക്ട്

(1) ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിയ കാർഷിക വിപണനകേന്ദ്രം മെയിന്റനൻസ് പദ്ധതിയുടെ നിർവ്വഹണത്തിനായി ടെണ്ടർ ക്ഷണിച്ചത് പ്രകാരം ലഭിച്ച താഴെ പറയുന്ന ടെണ്ടറുകളിൽ

(I) ടി.കെ.അലക്സാണ്ടർ - എസ്റ്റിമേറ്റ് നിരക്ക്

(Ii) കെ.വി.രാജു - എസ്റ്റിമേറ്റ് നിരക്കിൽ 2% കുറവ്

കെ.വി രാജു എന്ന കരാറുകാരൻ 2% കുറഞ്ഞ നിരക്കായിരുന്നു ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഇത് ടെണ്ടർ രജിസ്റ്ററിൽ തെറ്റായി 2% ഉയർന്ന നിരക്ക് എന്ന് രേഖപ്പെടുത്തി എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ടി.കെ.അലക്സാണ്ടറുടെ ടെണ്ടർ അംഗീകരിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഇത് മൂലം 952/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ ( നം.12/10.3.22)അടിസ്ഥാനത്തിൽ അപാകത ബോദ്ധ്യപ്പെട്ടതായും ടി തുക തിരികെ അടച്ചതായും അറിയിച്ചിട്ടുണ്ട്. (രസീത് നം. 1210102569/15.3.22) ടി തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

(2) കരാർ ചമയ്ക്കുന്നതിലെ കാലതാമസ്സം - പിഴ ഇനത്തിൽ 29,210/- രൂപ തിരികെ ഒടുക്കി.

ഗ്രാമപഞ്ചായത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.34/15.3.22) നൽകിയതിന്റെ അടിസ്ഥാനത്തിൽ 29,210/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി രസീത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. (രസീത് നം.1210102763/23.3.22 – 11560/-, 1210102689/19.3.22 – 1623/-, 2726/22.3.22 – 7376/-, 2669/19.3.22 - 4672/- , 2680/19.3.22 – 2979/- , 2649/18.3.22 – 1000/- )

## 1-37 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

പഞ്ചായത്തിന് 2020-21 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ല ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും 1,00,000/-രൂപയും സംഭാവനയായി 22,500/-രൂപയും ലഭിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് കോർഡിനേറ്റർമാർക്ക് പരിശീലനം നൽകി വിവിധ വാർഡുകളിൽ നിയമിച്ചു. പഞ്ചായത്ത് ജീവനക്കാരെയും മറ്റ് വകുപ്പുകളിലെ ജീവനക്കാരെയും ഉൾപ്പെടുത്തി രൂപീകരിച്ച ഹെൽപ്പ് ഡെസ്ക് പൊതുജനങ്ങൾക്ക് പ്രയോജനം ചെയ്തു. വാർഡുകളിലെ പൊതുവായ സ്ഥലങ്ങളിൽ ഫസ്റ്റ് ബെൽ പഠന കേന്ദ്രങ്ങൾക്കുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിരുന്നതായി സെക്രട്ടറി അറിയിച്ചു. പഞ്ചായത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണിന് കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ധനസഹായം ഒന്നും ലഭിച്ചില്ല. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മറ്റിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകീകരിക്കുന്നതിനും പഞ്ചായത്ത് കമ്മറ്റികൾ ഓൺലൈനായി ചേർന്നു.

രാമമംഗലം സി.എച്ച്.സിയുടെ നേതൃത്വത്തിൽ ആരംഭിച്ച സി.എഫ്.എൽ.ടി.സി.യിലേക്ക് മരുന്നുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് 4,28,900/- രൂപയും പഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറി വഴി കോവിഡ് പ്രതിരോധ മരുന്നുകൾ നൽകുന്നതിനായി 50,000/- രൂപയും ചെലവഴിച്ചു. ഇതു കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 1,36,698/-രൂപ കൂടി ചെലവഴിച്ചു. പഞ്ചായത്ത് പരിധിയിൽ 3046 പേർക്ക് കോവിഡ് ബാധിച്ചു, 19 പേർ മരണപ്പെട്ടു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,03,092 | കാലിത്തീറ്റ സബ്സിഡി-P-159/2021 | 303092 | |
| | 2020-21 | 3,00,000 | സ്കോളർഷിപ്പ്-103/2021 | 3,00,000 | |
| ആകെ | | 6,03,092 | | 6,03,092 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 10,46,724 | നെൽകൃഷി സംരംക്ഷണം P-81/2021 | 1046724 | |
| | 2020-21 | 5,36,700 | സ്കോളർഷിപ്പ്-P-103/2021 | 536700 | |
| | 2020-21 | 72,300 | കാലിത്തീറ്റ സബ്സിഡി-P-159/2021 | 72300 | |
| | 2020-21 | 2,00,000 | ലൈഫ് ഭൂമിവാങ്ങൽ-P-122/2021 | 200000 | |
| | 2020-21 | 4,00,000 | ലൈഫ് എസ്.സി-P-136/2021 | 400000 | |
| | 2020-21 | 5,01,500 | നെൽകൃഷി സംരംക്ഷണം P-107/2021 | 501500 | |
| ആകെ | | 27,57,224 | | 27,57,224 | |

2020-21
ആകെ ജില്ലാ പഞ്ചായത്ത് വിഹിതം - 27,57,224.00
ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 6,03,092.00

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ (പ്രോജക്ട് നംNo.83/21) | U00000057034688336 Dtd.25.05.2020<br>U000000787170376 Dtd.13.05.2020 | 6,50,800.00<br>66,045.00 | | 6,50,800.00<br>66,045.00 |
| | ആകെ | | 7,16,845 | 0 | 7,16,845 |

മുൻവർഷങ്ങളിൽ കേരളാ വാട്ടർ അതോറിറ്റിയ്ക്ക് 16,18,954/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയിട്ടുള്ളതായി B-18 Schedule പ്രകാരം കാണുന്നു.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2020-21 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ തീയതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ | റിമാർക്സ് |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|---|
| വായ്പ-ലൈഫ് ഭവനനിർമ്മാണം | ജിഒ(എംഎസ്) 6105/2019/fin. Dt.01.08.2019 | 26,68,000 | 23,44,470 | 3,21,803 | 0 | 20,22,667 | |

ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 2,77,921/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 29,255/-രൂപയും എസ്.ടി. വിഭാഗത്തിൽ 14,627/-രൂപയും ഉൾപ്പെടെ 3,21,803/- രൂപ സ്രോതസ്സിൽ നിന്നും ജി.ഒ. പ്രൊജക്ടുകൾ വഴി കുറവ് ചെയ്തിരുന്നു. ഈ തുകയാണ് തൻവർഷത്തെ ലൈഫ് ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-3 | 2006-07 | 3-47-1 | സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങി | മറുപടി നൽകിയിട്ടുണ്ട് |
| 2013-14 & 2014-15 | 2-1 | 2016-17 | അധ്യായം 2 | തൊഴിൽനികുതി | മറുപടി നൽകിയിട്ടുണ്ട് |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,71,98,013.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,90,31,283.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,508 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 2,550/- | ഡോ.മായാദേവി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-35 | 5,958/- | ഡോ.മായാദേവി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ആകെ | 8,508/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ

പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.മായാദേവി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., രാമമഗലം | ഉഷസ്, ജെട്ടി റോഡ്,കോട്ടയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ തീർപ്പാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ പലതിലും ഭാഗികമായി മാത്രമാണ് മറുപടിയും തെളിവുരേഖകളും ഹാജരാക്കി തീർപ്പാക്കിയിട്ടുള്ളു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 4-11 ൽ ഉൾപ്പെടുത്തിയിരുന്ന നാളിതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ സംബന്ധിച്ച നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നുള്ള കത്ത് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1996-97 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(1)/2019/5.8.2019 | 11 |
| 2 | 1997-98 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(2)/2019/5.8.2019 | 17 |
| 3 | 1998-99 | എൽ.എഫ്.ഇ.(പി.3) 1161/2000/23.3.2001 | 40 |
| 4 | 2006-07 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(4)/2019/5.8.2019 | 3 |
| 5 | 2007-08 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(5)/2019/5.8.2019 | 3 |
| 6 | 2008-09, 2009-10, 2010-11 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(6)/2019/5.8.2019 | 12 |
| 7 | 2011-12, 2012-13 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(7)/2019/5.8.2019 | 10 |
| 8 | 2013-14, 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.9)1557(8)/2019/5.8.2019 | 1 |
| 9 | 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.9) 2045/2016 | 8 |
| 10 | 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.9)1485/2017/11.09.2017 | 10 |
| 11 | 2017-18 | കെ.എസ്.എ.ഇ.കെ.എം. (പി.9) 1610/2018 | 10 |
| 12 | 2018-19 | കെ.എസ്.എ.ഇ.കെ.എം. (പി.9)004/2020/3.2.2020 | 9 |
| 13 | 2019-20 | കെ.എസ്.എ.ഇ.കെ.എം. (പി.9)492/2021/30.03.2021 | 8 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ രാമമംഗലം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്